**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ റബൈക്ക്, കളത്തുംപടി, പള്ളിക്കുറുപ്പ് എന്നയാൾ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024**

ശ്രീ റബൈക്ക്, കളത്തുംപടി, പള്ളിക്കുറുപ്പ് എന്നയാൾ നവകേരള സദസ് മുമ്പാകെ, മങ്കര ഗ്രാമപഞ്ചായത്തിൽ നിന്നും, നിലവിൽ കെട്ടിടനമ്പർ ഉള്ള ഒരു കെട്ടിടത്തിൽ പുനർനിർമാണ പ്രവർത്തനം നടത്തി അപേക്ഷ സമർപ്പിച്ചപ്പോൾ ന്യൂനതകൾ രേഖപ്പെടുത്തി കത്ത് നൽകിയെന്നും, അത് സംബന്ധിച്ച് വ്യക്തമാക്കുന്നില്ലെന്നും, അനാവശ്യമായി നടത്തിക്കുകയാണെന്നും മറ്റും പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പരാതി പരിശോധിച്ചു. പരാതിക്കാരനെ കേട്ടു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. പുനർനിർമാണപ്രവർത്തനം നടത്തിയപ്പോൾ ചില KPBR ചട്ടലംഘനങ്ങൾ വന്നതായി എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ നമ്പറുള്ള കെട്ടിടമാകയാൽ പ്ലോട്ട് വിഭജനം സംബന്ധിച്ച കാര്യം പരിഗണിക്കേണ്ടതില്ലെന്നും ബാക്കി ന്യൂനത പരിഹരിച്ച് അപേക്ഷ നൽകുന്ന മുറക്ക്, 30 ദിവസത്തിനകം നികുതി പുനർനിർണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ചട്ടം പുറപ്പെടുവിക്കുന്ന മുറക്ക് അത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അത് ചട്ടപ്രകാരം പരിഗണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട്

പകർപ്പ്: ശ്രീ റബൈക്ക്, കളത്തുംപടി, പള്ളിക്കുറുപ്പ്